Web Minor Mehtr



"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

നം. വശിവിവ–ബി3/41/2021/വശിവിവ

വനിത ശിശു വികസന (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 22/09/2021

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് – IEC സ്ത്രീ ശാക്തീകരണ പദ്ധതികൾ – ക്യാമ്പയിൻ – സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ ഇവയ്ക്കെതിരെയുള്ള ബോധവത്കരണം – പോസ്റ്ററുകളും കാർഡുകളും അച്ചടിച്ച് വിതരണം ചെയ്യുന്നത് – സംബന്ധിച്ച്

സൂചന: 1. സ.ഉ(സാധാ) നം. 318/2021/സാനീവ തീയതി 17.05.2021.
2. വനിത ശിശു വികസന ഡയറക്ടറുടെ 07.07.2021 ലെ ഡബ്ല്യുഇസി-2/9180/2021 നമ്പർ കത്ത്.

*******************

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങളും, ലിംഗ വിവേചനങ്ങളും തടയുന്നതിനായി ജനങ്ങളെ ബോധവത്കരിക്കുന്നതിനും, വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ സുരക്ഷാ പദ്ധതികളെക്കുറിച്ചും നിയമങ്ങളെക്കുറിച്ചും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ആയി തുക വകയിരുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സമീപ കാലങ്ങളിൽ വർദ്ധിച്ചു വരുന്ന സ്ത്രീധന പീഡനങ്ങൾ/ഗാർഹിക പീഡനങ്ങൾ, ഇവയെ തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയേണ്ടതും, ഇവയ്ക്കെതിരെ അവബോധം സൃഷ്ടിച്ച് സമൂഹ മനസാക്ഷിയെ ഉണർത്തേണ്ടതും അത്യാവശ്യമായിരിക്കുന്നു. ഈ സാഹചര്യത്തിൽ വനിത ശിശു വികസന വകുപ്പ് സ്ത്രീ സുരക്ഷാ പദ്ധതികളെക്കുറിച്ചും സ്ത്രീധന-ഗാർഹിക പീഡനങ്ങൾക്കെതിരായും കാർഡുകളും പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്യുകയും ദൃശ്യ-ശ്രാവ്യ-സമൂഹ മാധ്യമങ്ങളിലൂടെ വേണ്ടത്ര പരസ്യ പ്രചാരണങ്ങൾ നൽകുകയും, വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി 181 മിത്ര ഹെൽപ്പ് ലൈൻ പോസ്റ്ററുകളും, ബഹു. മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകളും അച്ചടിച്ച് വിവാഹവുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, പരാതി എന്നിവ ലഭിക്കുന്ന പോലീസ് സ്റ്റേഷനുകൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന വിതരണം

ചെയ്യുന്നതിനായി വനിതാ ശിശു വികസന വകുപ്പ് പ്രസ്തുത കാര്യാലയങ്ങളിൽ വിതരണം ചെയ്യുന്ന പോസ്റ്ററുകളും കാർഡുകളും ടി സ്ഥാപനങ്ങളിൽ പതിപ്പിക്കുന്നതിനും, കാർഡുകൾ മേൽ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സ്ത്രീ സുരക്ഷാ പദ്ധതികളെക്കുറിച്ചും സ്ത്രീധന-ഗാർഹിക പീഡനങ്ങൾക്കെതിരായും ഉള്ള ക്യാമ്പയിന്റെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് അച്ചടിച്ച് വിതരണം ചെയ്യുന്ന 181 മിത്ര ഹെൽപ്പ് ലൈൻ പോസ്റ്ററുകളും, ബഹു. മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകളും വിവാഹവുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, പരാതി എന്നിവ ലഭിക്കുന്ന പോലീസ് സ്റ്റേഷനുകൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന വിതരണം ചെയ്യുന്നതിനും, ടി സ്ഥാപനങ്ങളിൽ പതിപ്പിക്കുന്നതിനും, കാർഡുകൾ മേൽ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കുന്നു.

**നിഷ. എസ്**
**അഡീഷണൽ സെക്രട്ടറി**

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
(ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിനായി)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ തലവന്മാർക്കും
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ